LIBRARY ARCHIVES Kerala Legislative Assembly

മത്സ്യ മേഖലയിലെ വനിതകളുടെ ക്ഷേമം

24(*54) ശ്രീ. പി. നന്ദകുമാർ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലകളിലും തൊഴിൽ ചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ്മൂലമുണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധിയുടെ സാഹചര്യത്തിൽ മത്സ്യവിപണന രംഗത്തേയ്ക്ക് പുതുതായി കൂടുതൽ സ്ത്രീകൾ കടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ സുരക്ഷയുറപ്പാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലകളിലും തൊഴിൽ ചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ ഏജൻസികൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

I) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

(എ) മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ്

(ബി) മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

(സി) വിവാഹ ധനസഹായ പദ്ധതി

ഡി) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം

ഇ) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

എഫ്) കുടുംബ സംവിധാന പദ്ധതി

ജി) മാരകരോഗ ചികിത്സാ പദ്ധതി

എച്ച്) ചെയർമാൻസ് റിലീഫ് ഫണ്ട്

ഐ) പ്രസവ ശുശ്രൂഷകൾക്കുള്ള ധനസഹായ പദ്ധതി

ജെ) അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി

കെ) മത്സ്യബോർഡിന്റെ പ്രത്യേക ധനസഹായം

II മത്സ്യഫെഡ്

എ) ടേം വായ്പകൾ

ബി) മൈക്രോ ഫിനാൻസ് പദ്ധതി

സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യകച്ചവടത്തിന് പലിശരഹിത വായ്പ

ഡി) വായ്പാ ദുരിതാശ്വാസ പദ്ധതി

III സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ)

എ) മത്സ്യവിപണനം നടത്തുന്ന സ്ത്രീകളായ അനുബന്ധത്തൊഴിലാളികൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ടും സാമ്പത്തിക സഹായവും

ബി) ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ

IV. ഫിഷറീസ് വകുപ്പ് മുഖേന വനിതാ മത്സ്യവിപണനത്തൊഴിലാളികൾക്ക് യാത്രാ സൗകര്യം ഒരുക്കാൻ "സമുദ്ര" പദ്ധതി.

(ബി) ഉണ്ട്.

(സി) മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന 350 JLG -കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലായി JLG project for Ensuring Livelihood Security of Fisherwomen in Kerala 2.39 കോടി രൂപയുടെ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി. 5 പേരടങ്ങുന്ന JLG -യ്ക്ക് 50,000 രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ സാഫ്

LIBRARY ARCHIVES Kerala Legislative Assembly

മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 300 JLG- കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി JLG project for Ensuring Livelihood Security of Fisherwomen in Kerala 3.30 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. 5 പേരടങ്ങുന്ന JLG- യ്ക്ക് 50,000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതാണ്. മത്സ്യത്തൊഴിലാളി വനിതകൾക്ക് ഫിഷറീസ് വകുപ്പ് സി.ഐ.എഫ്.ടി.-യുമായി ചേർന്ന് സി.ഐ.എഫ്.ടി. മുഖേന നിർമ്മിച്ച 20 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽഫിഷ് വെന്റിംഗ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾ നിലവിൽ നൽകിക്കഴിഞ്ഞു. കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് സി.ഐ.എഫ്.ടി. മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ വിതരണം ചെയ്യുന്നതാണ്. മത്സ്യവിപണനത്തിനായി പോകുന്ന വനിത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതവും ലാഭകരവുമായി യാത്ര ചെയ്യുന്നതിന് കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഫിഷറീസ് വകുപ്പുമായി സംയോജിച്ച് "സമുദ്ര" എന്ന പേരിൽ മൂന്ന് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ

25(*55) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽ ഉൾപ്പെട്ടവർക്കുള്ള ക്ഷേമവികസന പദ്ധതികൾ യഥാസമയം അർഹരിലേക്കെത്തുന്നുവെന്നുറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരസഭയിൽ പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വ്യക്തിഗത ആനുകൂല്യം എസ്.സി. പ്രൊമോട്ടർ തട്ടിയെടുത്തതായി പറയപ്പെടുന്ന